ഉത്തരം

(എ) 2001-2002 വർഷത്തിൽ 99,879 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഒലിവേലിച്ചിറ ഇക്കോ ടൂറിസം വികസനത്തിനായി അവിടെയുള്ള വനസംരക്ഷണ സമിതി 2004-2005 വർഷത്തിൽ 20 ലക്ഷം രൂപ വികസനത്തിനായിട്ടുള്ള ഒരു പദ്ധതി ഉണ്ടാക്കി ടൂറിസം വകുപ്പിൽനിന്നും ഭാരത സർക്കാരിൽ നിന്നും ഗ്രാന്റിനു വേണ്ടി പ്രതീക്ഷിച്ചിരിക്കുന്നു.

(സി) ഫണ്ട് ലഭ്യമാവുകയാണെങ്കിൽ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

വനപാലകരായ ആദിവാസികൾക്ക് നൽകുന്ന വേതനം

110 [3394] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനപാലകരായ ആദിവാസികൾക്ക് വേതനം നൽകുന്നത് ഏത് വകുപ്പിന്റെ ഫണ്ടിൽ നിന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വേതനം കുടിശ്ശികയില്ലാതെ ലഭ്യമാക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ കുടിശ്ശികയില്ലാത്തവിധത്തിൽ വേതനം കൃത്യമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വനംവകുപ്പിന്റെ ഫണ്ടിൽനിന്ന്.

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മറ്റുജീവനക്കാർക്ക് നൽകുന്നതുപോലെ ഇവർക്കും വേതനം കൊടുക്കുന്നുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

സർക്കാർ സർവ്വീസിലുള്ള ജീവനക്കാർക്ക് ലഭിക്കുന്ന ആനുകൂല്യം മസ്ദൂർ വാച്ചർമാർക്ക് നൽകുന്നതിന് നടപടി

111 [3395] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി ഫോറസ്റ്റ് ഡിവിഷനിൽ എത്ര മസ്ദൂർ വാച്ചർമാരാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ആളൊന്നിന് എത്ര രൂപയാണ് പ്രതിമാസം ശമ്പളമായി നൽകിവരുന്നത്; ശമ്പളം കൂടാതെ മറ്റേതെങ്കിലും അലവൻസുകളോ ആനുകൂല്യങ്ങളോ ഇവർക്ക് നൽകുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) റാന്നി ഡിവിഷനിലെ മസ്ദൂർ വാച്ചർമാർക്ക് ഏതുവരെ ശമ്പളം കൊടുത്തുവെന്ന് വെളിപ്പെടുത്തുമോ; ശമ്പളം കുടിശ്ശികയായിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഈ വിഭാഗക്കാർക്ക് മാസശമ്പളം എത്ര വർഷം മുമ്പ് നിശ്ചയിച്ചതാണ്; ഇപ്പോൾ ഇവരുടെ ശമ്പളം പരിഷ്കരിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ നിലവിലുള്ള നിരക്ക് എത്രയാണ്; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(എഫ്) ഇല്ലെങ്കിൽ പരിഷ്കരിച്ച വേതനം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ജി) മസ്ദൂർ വാച്ചർമാരായി 10 വർഷത്തിനുമേൽ സർവ്വീസുള്ള എല്ലാവർക്കും ശമ്പളത്തോടൊപ്പം സർക്കാർ സർവ്വീസിൽ ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ---ജി) വിവരം ശേഖരിച്ചുവരുന്നു.

ആന വളർത്തൽ കേന്ദ്രവും വന്യജീവി സംരക്ഷണവും

112 [3397] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടനാട് ആന വളർത്തൽ കേന്ദ്രവും വന്യജീവി സംരക്ഷണ സംവിധാനവും അഭിമുഖീകരിക്കുന്ന പരാധീനതകൾ സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) സൗകര്യപ്രദമായ മറ്റേതെങ്കിലും സ്ഥലത്ത് ആധുനിക സൗകര്യങ്ങളോടു കൂടി കോടനാട് സമിതിചെയ്യുന്നതും നിലവിലുള്ളതുമായ വന്യജീവികൾക്ക് പുതിയ ഒരു സങ്കേതമൊരുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതിയുടെ വിശദവിവരം വ്യക്തമാക്കാമോ;

(സി) നിലവിൽ വനംവകുപ്പിന്റെ സംരക്ഷണത്തിൽ കോടനാട് ഏതൊക്കെ മൃഗങ്ങൾ എത്രവീതം ഉണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2003-ലെ വന്യജീവി സംരക്ഷണ ഭേദഗതി നിയമം അനുസരിച്ച് വന്യജീവികളുടെ അഭയ കേന്ദ്രങ്ങൾക്കും ഡീർ പാർക്കുകൾക്കും കേന്ദ്ര സൂ അതോറിറ്റിയുടെ അംഗീകാരം ലഭ്യമാക്കേണ്ടതുണ്ട്. ഇതിനായി കോടനാടിനടുത്ത് കാപ്രിക്കാട്

LIBRARY ARCHIVES Kerala Legislative Assembly